## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 307 06.01.2014-ലെ മറുപടിക്ക്

### കോഴിക്കോട് ജില്ലാ ജയിലിൽ സന്ദർശനം നടത്തിയവർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) 2013 ഡിസംബർ 4ന് കോഴിക്കോട് ജില്ലാ ജയിലിൽ സന്ദർശനം നടത്തിയവർ ആരൊക്കെയാണ്; | എ) ജയിൽ ഡി.ജി.പി ആയിരുന്ന ശ്രീ.അലക്സാണ്ടർ ജേക്കബ്ബ് IPS, ഉത്തര മേഖലാ ജയിൽ ഡി.ഐ.ജി. ആയ ശിവദാസ് കെ.തൈപറമ്പിൽ എന്നിവർ. |
| ബി) ജയിലിൽ പ്രവേശിക്കാൻ മുൻകൂട്ടി അനുമതി വാങ്ങതെ ആരെങ്കിലും ജയിലിൽ പ്രവേശിക്കുകയുണ്ടായോ; എങ്കിൽ ആ വ്യക്തി ആരായിരുന്നു; | ബി)യും (സി)യും : ഇല്ല. ജയിൽ ആഫീസിൽ വിവിധ ആവശ്യങ്ങൾക്കും സേവനങ്ങൾക്കും പ്രവൃത്തി സമയത്ത് പ്രവേശിക്കുന്നതിന് പൊതുജനങ്ങൾക്ക് മുൻകൂട്ടി അനുമതി വാങ്ങേണ്ട ആവശ്യമില്ല. ജയിൽ മെയിൻ ഗേറ്റിൽ ആവശ്യം അറിയിച്ചാൽ മതിയാകും. അനുവാദമില്ലാതെ ജയിലിനകത്ത് പ്രവേശിച്ചാൽ അങ്ങനെയുള്ള വ്യക്തിയെ തടഞ്ഞുവച്ച് പോലീസിൽ അറിയിക്കുകയും, പോലീസിന് കൈമാറി നിയമനടപടികൾക്ക് ശുപാർശ ചെയ്യുകയുമാണ് പതിവ്. |
| സി) അനുവാദമില്ലാതെ ജയിലിനകത്ത് പ്രവേശിച്ചാൽ അങ്ങനെയുള്ള വ്യക്തിക്കെതിരെ സ്വീകരിക്കേണ്ട നിയമാനുസൃതമായ നടപടി എന്താണ്; പ്രസ്തുത വ്യക്തിയ്ക്കെതിരെ നടപടി സ്വീകരിക്കുകയുണ്ടായോ; വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ